**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

06.06.2018 ലെ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 78

## പട്ടികജാതി ക്ഷേമ പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ബി.സത്യൻ**<br>**ശ്രീ. റ്റി.വി.രാജേഷ്**<br>**ശ്രീമതി യു. പ്രതിഭ ഹരി**<br>**ശ്രീ. എം സ്വരാജ്** | | **ശ്രീ. എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് പട്ടികജാതിക്കാരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (എ) | (1) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായ 'പഠനമുറി പദ്ധതി' നടപ്പിലാക്കി വരുന്നു.<br>(2) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയിലുള്ള മാതാപിതാക്കളുടെ 01.04.2017 മുതൽ ജനിച്ച പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി 2017-18 മുതൽ നടപ്പിലാക്കുന്നു.<br>(3) വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ച് വരുന്ന എം.ആർ.എസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെയും പ്രീമെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികളുടെയും രാത്രികാല പഠന പുരോഗതി ലക്ഷ്യം വച്ച് ടി സ്ഥാപനങ്ങളിൽ റസിഡന്റ് ട്യൂട്ടർമാരെയും എം.ആർ.എസുകളിൽ കൗൺസിലർമാരെയും നിയമിച്ച് വരുന്നു.<br>(4) തൊഴിലെടുക്കുന്ന സ്ത്രീകൾക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് നഗരങ്ങളിൽ 3 വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | (5) KIIFB മുഖേന 3 MRS കൾ 5 ഹോസ്റ്റലുകൾ എന്നിവ പണി കഴിക്കുന്നതിനായി 75 കോടി രൂപ വകയിരുത്തി<br>(6) ഐ.റ്റി.ഐ പാസ്സായവർക്ക് ജോബ് ഫെയർ മുഖേന തൊഴിൽ തേടാൻ സൗകര്യം<br>(7) ഇടുക്കി ജില്ലയിൽ വട്ടവടയിൽ ഭവന സമുച്ചയം |
| (ബി) | പ്രസ്തുത വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്കായി 'വാത്സല്യനിധി' എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;വ്യക്തമാക്കാമോ ; | (ബി) | ഉണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി ഒരു ലക്ഷം രൂപ വരെ വരുമാന പരിധിയില്ലുള്ള മാതാപിതാക്കളുടെ 01.04.2017 മുതൽ ജനിച്ച പെൺകുട്ടികൾക്ക് വാത്സല്യനിധി എന്ന ഇൻഷ്വറൻസ് അധിഷ്ഠിത സമഗ്ര വികസന പദ്ധതി 2017-18 മുതൽ നടപ്പിലാക്കി വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയ്ക്കായി ഒരു കുട്ടിയുടെ പേരിൽ സർക്കാർ അടയ്ക്കുന്ന പ്രീമിയം തുക എത്രയാണെന്നും 18 വയസ് തികയുമ്പോൾ ലഭിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കാമോ ; | (സി) | ഈ പദ്ധതി പ്രകാരം സർക്കാർ അടയ്ക്കേണ്ടതായ പ്രീമിയം തുക 1,38,000/- രൂപയാണ്. കുട്ടിയ്ക്ക് 18 വയസ്സ് തികയുമ്പോൾ 3 ലക്ഷം രൂപ ലഭിക്കുന്നതാണ്. |
| (ഡി) | നടപ്പ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ഡി) | നടപ്പ സാമ്പത്തിക വർഷം ടി പദ്ധതിക്കായി 2225-01-102-91 (Plan) എന്ന ശീർഷകത്തിൽ 11 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ